**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1090** **29-06-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കൽ**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ | ശ്രീ. എ. പി. അനിൽ കുമാർ<br>(റവന്യൂ വകുപ്പ് മന്ത്രി) |

**(എ)** കണ്ണൂർ ജില്ലയിൽ ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ടെന്നും ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിക്കുവാൻ ബാക്കിയുണ്ടെന്നും ആയത് എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ;

**മറുപടി:** കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ സർവെ പൂർത്തികരിച്ച 18 വില്ലേജുകളുടെ വിവരം അനുബന്ധം-1 ആയും, ഡിജിറ്റൽ സർവെ ആരംഭിച്ച 31 വില്ലേജുകളുടെ വിവരം അനുബന്ധം-2 ആയും ചുവടെ ചേർക്കുന്നു.

മേൽപറഞ്ഞ വില്ലേജുകളിലെ സർവെ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ബാക്കി വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിക്കുന്നതാണ്.

**(ബി)** ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി തരംമാറ്റത്തിന് നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ലഭിക്കുന്ന ഫോറം 5 അപേക്ഷകൾ, ഡിജിറ്റൽ സർവെയ്ക്ക് ശേഷം അപേക്ഷാഭൂമിയുടെ വിസ്തീർണ്ണത്തിൽ യാതൊരു വ്യത്യാസവും വന്നിട്ടില്ലാത്ത അപേക്ഷകൾ, സൗജന്യ തരംമാറ്റത്തിന് അർഹതയുള്ളതും എന്നാൽ ജലസംരക്ഷണത്തിനായി ഭൂമി നീക്കിവയ്ക്കേണ്ടാത്തതുമായ കേസുകൾ എന്നിവ പ്രോസസ്സ് ചെയ്യുന്നതിന് നിലവിൽ തടസ്സമില്ല.

എന്നാൽ അപേക്ഷ നൽകുമ്പോൾ വിസ്തീർണ്ണം 25 സെന്റ്, 50 സെന്റ്, 1 ഏക്കർ എന്നിവയ്ക്ക് താഴെയായിരുന്നതും ഡിജിറ്റൽ സർവെയ്ക്ക് ശേഷം ഈ പരിധികളേക്കാൾ വിസ്തീർണ്ണം കൂടിവന്നതുമായ കേസുകൾ, അപേക്ഷ നൽകുമ്പോൾ വിസ്തീർണ്ണം 25 സെന്റ്, 50 സെന്റ്, 1 ഏക്കർ എന്നിവയ്ക്ക് മുകളിലായിരുന്നതും ഡിജിറ്റൽ സർവെയ്ക്ക് ശേഷം ഈ പരിധികളേക്കാൾ വിസ്തീർണ്ണം കുറഞ്ഞ വന്നതുമായ കേസുകൾ എന്നിവ ഉൾപ്പെടെ മറ്റെല്ലാ അപേക്ഷകളിലും ഭൂമി തരംമാറ്റം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**(സി)** ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേജുകളിലെ ഭൂമി തരംമാറ്റത്തിന് നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; ഈ കാര്യത്തിൽ വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുമോ?

**<u>മറുപടി:</u>** ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ ഓൺലൈൻ ഭൂമി തരംമാറ്റ അപേക്ഷകളും, ഫോറം - 5 അപേക്ഷകളും പ്രോസസ്സ് ചെയ്യുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും, തരംമാറ്റ ഓഫീസർമാർക്കും പ്രാരംഭ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ തരംമാറ്റ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനായി നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ (NIC) സോഫ്റ്റ് വെയർ മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം – 1**

| ക്രമ നമ്പർ | വില്ലേജ് | ക്രമ നമ്പർ | വില്ലേജ് |
|---|---|---|---|
| 1 | വളപട്ടണം | 10 | വിളമന |
| 2 | പുഴാതി | 11 | അഴീക്കോട് നോർത്ത് |
| 3 | പള്ളിക്കുന്ന് | 12 | ചിറക്കൽ |
| 4 | ചാവശ്ശേരി | 13 | വലിയന്നൂർ |
| 5 | അഴീക്കോട് സൗത്ത് | 14 | ധർമ്മടം |
| 6 | കോട്ടയം | 15 | കേളകം |
| 7 | കണ്ണൂർ - 2 | 16 | കീഴൂർ |
| 8 | എളയാവൂർ | 17 | കല്യാശ്ശേരി |
| 9 | കണിച്ചാർ | 18 | പെരളം |

**അനുബന്ധം – 2**

| ക്രമ നമ്പർ | വില്ലേജ് | ക്രമ നമ്പർ | വില്ലേജ് |
|---|---|---|---|
| 1 | ആറളം | 16 | കോടിയേരി |
| 2 | കണ്ണൂർ – 1 | 17 | തിരുവങ്ങാട് |
| 3 | കരിക്കോട്ടക്കരി | 18 | കുറ്റൂര് |
| 4 | എടക്കാട് | 19 | പുത്തൂർ |
| 5 | പാപ്പിനിശ്ശേരി | 20 | മൊറാഴ |
| 6 | കീഴല്ലൂർ | 21 | ഏരുവശ്ശേരി |
| 7 | എരഞ്ഞോളി | 22 | ന്യൂ നടുവിൽ |
| 8 | ചുഴലി | 23 | ആലപ്പടമ്പ |
| 9 | തളിപ്പറമ്പ | 24 | എരമം |
| 10 | നാറാത്ത് | 25 | കല്യാട് |
| 11 | ചേലോറ | 26 | കൊട്ടിയൂർ |
| 12 | മാട്ടൂൽ | 27 | മുഴക്കുന്ന് |
| 13 | കതിരൂർ | 28 | അയ്യൻകുന്ന് |
| 14 | ചെറുവാഞ്ചേരി | 29 | പാണപ്പുഴ |
| 15 | തൃപ്പങ്ങോട്ടൂർ | 30 | തലശ്ശേരി |
| | | 31 | എരുവട്ടി |